LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ പദ്ധതികൾ-പദ്ധതികൾക്കായി 2021-22 സാമ്പത്തിക വർഷത്തേക്ക് 122.5895 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ജനകീയാസൂത്രണ പദ്ധതികൾ:

(എ) സുഫലം വിപണി-50 ലക്ഷം

(ബി) ജൈവഗ്രാമം-10 ലക്ഷം ഡെവലപ്മെന്റ് ആൻഡ് പ്രൊമോഷൻ ഓഫ് ലൊക്കേഷൻ സ്പെസിഫിക് ക്രോപ്സ്

പ്രസ്തുത പദ്ധതിയിലേയ്ക്കുള്ള 2021-22 സാമ്പത്തിക വർഷത്തിൽ 34 ലക്ഷം രൂപയുടെ ഭൗതിക ലക്ഷ്യം അനുവദിച്ചിട്ടുണ്ട്.

സ്കീം ഫോർ ഡെവലപ്മെന്റ് ഓഫ് സ്പൈസസ്:

1. ഏരിയ എക്സ്പാൻഷൻ ഓഫ് പെപ്പർ - (20000/ഹെക്ടർ) 30 ഹെക്ടർ - 6 ലക്ഷം
2. റീജുവനേഷൻ ഓഫ് പെപ്പർ (10000/ഹെക്ടർ) 75 ഹെക്ടർ - 7.5 ലക്ഷം
3. ഏരിയ എക്സ്പാൻഷൻ (ഇഞ്ചി, മഞ്ഞൾ) - 12500/ഹെക്ടർ 20 ഹെക്ടർ - 2.5 ലക്ഷം
4. നട്ട്മഗ്/ക്ലോവ്(20000/ഹെക്ടർ) - 4 ഹെക്ടർ - 80000/-

നെൽകൃഷി വികസനപദ്ധതിയിൽ - സുസ്ഥിര നെൽകൃഷി വികസനം, പാട ശേഖരങ്ങൾക്ക് ഓപ്പറേഷണൽ സപ്പോർട്ട്, കരനെൽകൃഷി, സ്പെഷ്യാലിറ്റി റൈസ്, തരിശ്ശു നെൽകൃഷി, സിംഗിൾ ടു ഡബിൾ ക്രോപ്പ്, പാഡി റോയൽറ്റി എന്നീ പദ്ധതികൾ നടപ്പിലാക്കുന്നു. കൂടാതെ സൗജന്യ വൈദ്യുതി പദ്ധതി, സോയിൽ ഹെൽത്ത് മാനേജ്മെന്റ്, നെൽകർഷകർക്ക് ഉല്പാദന ബോണസ്സ് ലഭ്യമാക്കുന്ന പദ്ധതി, ജൈവ വൈവിധ്യ പദ്ധതി, പയർ കൃഷി വികസനം, കേരള നെൽവയൽ തണ്ണീർത്തട നിയമം 2008 സംബന്ധിച്ച എല്ലാ കാര്യങ്ങളും ജില്ലയിൽ നടപ്പിലാക്കുന്നുണ്ട്.

തരിശ്ശുരഹിതമാക്കുന്നതിന് നടപ്പിലാക്കിയ പദ്ധതികൾ

79(2799) ശ്രീ. കെ. ഡി. പ്രസേനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിൽ ആർ.ഐ.ഡി.എഫ്. (റൂറൽ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് ഫണ്ട്) XXIV-ലും ആർ.ഐ.ഡി.എഫ്. XXV-ലും ഉൾപ്പെട്ട പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

കൃഷി വകുപ്പിലെ പദ്ധതി നിർവ്വഹണ ഏജൻസികൾ മുഖേന ആലത്തൂർ നിയോജകമണ്ഡലത്തിൽ ആർ.ഐ.ഡി.എഫ്. 24-ാം ഘട്ടത്തിൽ ഉൾപ്പെടുത്തി പദ്ധതികൾ ഒന്നും നടപ്പിലാക്കിയിട്ടില്ല. ആർ.ഐ.ഡി.എഫ്. 25-ാം ഘട്ടത്തിൽ കിഴക്കഞ്ചേരി പഞ്ചായത്തിൽ ഉൾപ്പെട്ട പിട്ടുകാരികുളമ്പ് നീർത്തട പദ്ധതി നടപ്പിലാക്കുന്നതിന് മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പിന് അംഗീകാരം നൽകിയിട്ടുണ്ട്. 49.10 ലക്ഷം രൂപ അടങ്കൽ ഉള്ള പ്രസ്തുത പദ്ധതിയിലൂടെ 554.7 ഹെക്ടർ പ്രദേശത്ത് മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കുവാൻ ലക്ഷ്യമിടുന്നു. നാളിതുവരെ 39% പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. പദ്ധതി പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

(ബി) ആലത്തൂർ മണ്ഡലത്തെ തരിശ്ശുരഹിതമാക്കുന്നതിന് കൃഷി വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ വിശദമാക്കുമോ?

2020-21 സാമ്പത്തിക വർഷത്തിൽ സുഭിക്ഷകേരളം പദ്ധതിയുടെ ഭാഗമായി ആലത്തൂർ മണ്ഡലത്തിൽ നെല്ല്, പച്ചക്കറി, ഫലം, കിഴങ്ങ് വർഗ്ഗം, പയറുവർഗ്ഗം എന്നീ വിളകൾക്കായി 16.26 ഹെക്ടർ സ്ഥലത്ത് കൃഷി നടപ്പിലാക്കിയിട്ടുണ്ട്. ആയതിലേയ്ക്കായി 5.94 ലക്ഷം രൂപയും 2021-22 സാമ്പത്തിക വർഷം പച്ചക്കറി വികസന പദ്ധതിയിൻകീഴിൽ തരിശ്ശു നിലത്തിൽ പച്ചക്കറി കൃഷി ചെയ്യുന്നതിനായി അഞ്ച് ഹെക്ടറിന് രണ്ട് ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

കൃഷി ഭവനിലെ ഫലവൃക്ഷത്തൈ വിതരണം

80(2800) ശ്രീ. മോൻസ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ ഉള്ളൂർ കൃഷിഭവനിൽ കഴിഞ്ഞ സാമ്പത്തിക വർഷം ഫല വൃക്ഷത്തൈകൾക്കുവേണ്ടി എത്ര ഗുണഭോക്താക്കൾ വിഹിതമടച്ചുയെന്ന് വ്യക്തമാക്കാമോ?

ജനകീയാസൂത്രണം 2020-21-ലെ പ്രോജക്ട് നമ്പർ 198 (ഫലവൃക്ഷ കൃഷി വ്യാപനം ഉള്ളൂരിൽ) എന്ന പദ്ധതിയിൽ 372 ഗുണഭോക്താക്കൾ ഗുണഭോക്തൃ വിഹിതം അടയ്ക്കുകയുണ്ടായി.

(ബി) ഇവർക്ക് ഫല വൃക്ഷത്തൈകൾ വിതരണം ചെയ്തോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; പ്രസ്തുത തൈകൾ എന്നേക്ക് വിതരണം ചെയ്യും എന്നറിയിക്കാമോ?

കൃഷി വകുപ്പ് നടപ്പിലാക്കിയ "ഒരു കോടി ഫലവൃക്ഷത്തൈ എന്ന പദ്ധതി" പ്രകാരം ലഭ്യമായ മുഴുവൻ ഫലവൃക്ഷത്തൈകളും യഥാസമയം നിർദ്ദിഷ്ട മാർഗ്ഗരേഖ പ്രകാരം നൽകിയിട്ടുണ്ട്. ജനകീയാസൂത്രണം 2020-21-ലെ ടി പദ്ധതിയിൽ 162 ഗുണഭോക്താക്കൾക്ക് ഫലവൃക്ഷത്തൈകൾ വിതരണം ചെയ്യുകഴിഞ്ഞു. കോവിഡ്